പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2064 — 05/05/17-ൽ മറുപടിയ്ക്ക്

# പട്ടികജാതി -പട്ടികവർഗ്ഗവിഭാഗങ്ങളുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ഡോ.എൻ.ജയരാജ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗവിഭാഗം ആകെ ജന സംഖ്യയുടെ എത്രശതമാനം വരുമെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ആകെ ജനസംഖ്യയുടെ 10.55% വരും. (9.1%+1.45%) |
| ബി) | പ്രസ്തുത വിഭാഗങ്ങളുടെ മാനവവിഭവശേഷി വർദ്ധിപ്പി ക്കുന്നതിനുതകുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ള തെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മാനവവിഭവശേഷി വർദ്ധിപ്പിയ്ക്കു ന്നതിനുതകുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | പ്രസ്തുതവിഭാഗങ്ങൾക്കുവേണ്ടി പരമ്പരാഗത മേഖലയിലുള്ള തൊഴിലവസരം നേടിയെടു ക്കുന്നതിന് ഉതകുന്ന പദ്ധതി കൾക്കു രൂപം നൽകാൻ സാധിച്ചിട്ടുണ്ടോ; ഈ ലക്ഷ്യം മുൻനിറുത്തി എന്തെല്ലാം പുതി യതായി ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | സി) | പരമ്പരാഗത മേഖലയിലുള്ള തൊഴിലവസരം നേടിയെടുക്കുന്നതിന് ഉതകുന്ന പദ്ധതികൾക്കു രൂപം നൽകാൻസാധിച്ചിട്ടുണ്ട്. പട്ടിക ജാതി ക്കാരുടെ പാരമ്പര്യ ഉത്പ്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായം സംഘങ്ങളുടെ ഉത്പ്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിനുവേണ്ടി ഗദ്ദിക മേള സംഘടിപ്പിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഗദ്ദിക മേള കൂടുതൽ വിപുലമായി നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്.<br>പട്ടിക വർഗ്ഗ വികസന വകുപ്പിൽ 'ഉറവ്' എന്ന സ്ഥാപനവുമായി സഹകരിച്ച് മുള ഉൽപ്പന്നങ്ങളിൽ മൂല്യവർദ്ധന നടത്തുന്നതിനും, കുടുംബശ്രീ മുഖേന ജൈവകൃഷി രീതികളിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങളുണ്ടാക്കുന്നതിനും നൈ-പുണ്യ വികസനത്തിനും വന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന നടത്തുന്നതിനും സെന്റർ ഫോർ ഡെവലപ്മെന്റ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് പുതിയ പരിശീലന പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പട്ടികജാതിക്കാരുടെ തൊഴിൽപരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനായി 4000.00/-ലക്ഷം രൂപ 2017-2018 വർഷം വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾവഴി യുവാക്കൾക്ക് പരിശീലനം, പൊതുമേഖലാ സ്ഥാപനങ്ങളുടേയും മറ്റിതര വകുപ്പുകളുടെ സഹായത്തോടെ സംരംഭകത്വ വികസന പരിശീലനം, പട്ടികജാതി വിഭാഗക്കാർക്ക് മുൻതൂക്കമുള്ള സ്വയംസഹായ സംഘങ്ങൾക്കും പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്കും സ്വയംതൊഴിലിനായുള്ള സാമ്പത്തികസഹായം, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സൂഷ്മസംരംഭങ്ങൾ തുടങ്ങുന്നതിനു പരിശീലനം, കലാകായിക സിനിമാ വർഗ്ഗപരമായ സംസ്ക്കാരം എന്നിവയിൽ കഴിവുതെളിയിച്ചവർക്ക് പരിശീലനം, സ്വയം തൊഴിൽ സബ്സിഡികളുടെ ചെലവുകൾ, നാടൻ കലാമേള, വിവിധ പരീക്ഷകളിലെ എ+ ജേതാക്കൾക്ക് ക്യാഷ് അവാർഡ്, സാഹിത്യോത്സവം, വിദേശത്തു ജോലി തേടുന്ന യുവജനങ്ങൾക്ക് സാമ്പത്തികസഹായം, യുവജനോത്സവങ്ങളിലും മറ്റു 'എ' ഗ്രേഡ് നേടുന്നവർക്ക് അവാർഡ്, സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, പി.ഇ.റ്റി.സി എന്നിവയ്ക്ക് ധനസഹായം, സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ യുവാക്കൾക്ക് സംരംഭകത്വ പരിശീലനം, ഇൻക്യൂബേഷൻ സെന്റർ ആരംഭിയ്ക്കുന്നതിന് ധനസഹായം, പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിയ്ക്കുന്നതിനായി 50% സബ്സിഡിയോടെ മുദ്രലോൺ ലഭ്യമാക്കൽ എന്നിവ ചെയ്യുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനത്തിനും പരമ്പരാഗതതൊഴിൽ പ്രോത്സാഹനത്തിനുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളായ NTTF, KELTRON, Centre for Biopolymer Science Technology, Electronic corporation എന്നീ സ്ഥാപനങ്ങളുമായിച്ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

പരമ്പരാഗത കാർഷിക നൈപുണ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ